ഉത്തരം

(എ) സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതികളിൽ, കേന്ദ്രസർക്കാർ അംഗീകരിച്ച പദ്ധതികളെപ്പറ്റി വിവരം ലഭിച്ചിട്ടില്ല.

(ബി) ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 1,358.62 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 100 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ദുരിതാശ്വാസ സഹായം ആവശ്യപ്പെട്ടുകൊണ്ട് ഒരു വിശദമായ നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ ഒരു യോഗം മുഖ്യമന്ത്രി വിളിച്ചുചേർക്കുകയും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ എം. പി. മാരോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

പാട്ട കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി

23 [619] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും സ്വകാര്യ കമ്പനികൾക്കും ഖനനത്തിന് നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ സമീപനമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ കമ്പനികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും ഖനനത്തിന് സർക്കാർ ഭൂമി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തേക്ക്; എത്ര രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത് ;

(സി) പാട്ട കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാട്ട കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി സ്വകാര്യ കമ്പനികളിൽ നിന്നും സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും തിരിച്ചു പിടിക്കുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

വണ്ണാത്തിച്ചിറയിലെ ഉരുൾപൊട്ടൽ

24 [620] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മരുതോങ്കര പഞ്ചായത്തിൽ വണ്ണാത്തിച്ചിറ പ്രദേശത്ത് കഴിഞ്ഞ വർഷകാലത്ത് ഉരുൾപൊട്ടൽ ഉണ്ടായതിനെത്തുടർന്ന് ഏതാനും പേർ മരണപ്പെടുകയും വീടുകൾ തകർന്ന് പോവുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly